ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം
പ്രാദേശിക വാർത്തകൾ

TIME: 06.30 PM | പ്രധാനവാർത്തകൾ | DATE: 17.03.2025

1. പ്രധാനമന്ത്രി നരേന്ദ്ര മോദി ന്യൂസിലൻഡ് പ്രധാനമന്ത്രി ക്രിസ്റ്റഫർ ലക്സണുമായി കൂടിക്കാഴ്ച നടത്തി. ഇന്ത്യ-ന്യൂസിലൻഡ് സ്വതന്ത്ര വ്യാപാര കരാറിൽ ചർച്ചകൾ ആരംഭിക്കാൻ കൂടിക്കാഴ്ചയിൽ ധാരണ.

2. റെയിൽവേ വികസനം സംബന്ധിച്ച ചർച്ചകൾക്ക് വേദിയായി പാർലമെൻറ്. നെല്ല് സംഭരണ പ്രതിസന്ധി ചൂണ്ടിക്കാട്ടി നിയമസഭയിൽ പ്രതിപക്ഷ വാക്കൗട്ട്.

3. ആശാ പ്രവർത്തകർക്ക് ഓണറേറിയം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പിൻവലിച്ച് സംസ്ഥാന സർക്കാർ. വ്യാഴാഴ്ച മുതൽ നിരാഹാര സമരം ആരംഭിക്കുമെന്ന് ആശാപ്രവർത്തകർ.

4. 2024 ലെ കേരള പുരസ്കാരങ്ങൾ ഗവർണർ രാജേന്ദ്ര അർലേക്കർ സമ്മാനിച്ചു.

5. മുനമ്പം ഭൂമി വിഷയത്തിൽ ജുഡീഷ്യൽ കമ്മീഷനെ നിയോഗിച്ച സംസ്ഥാന സർക്കാർ നടപടി റദ്ദാക്കി ഹൈക്കോടതി

6. പ്രശസ്ത ഗാനരചയിതാവ് മങ്കൊമ്പ് ഗോപാലകൃഷ്ണൻ അന്തരിച്ചു.

****************************************

## പ്രധാനമന്ത്രി (ഇൻട്രോ)

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂസിലൻഡ് പ്രധാനമന്ത്രി ക്രിസ്റ്റഫർ ലക്സണുമായി ന്യൂഡൽഹിയിൽ ഉഭയകക്ഷി കൂടിക്കാഴ്ച നടത്തി. ഇരു രാജ്യങ്ങളും തമ്മിലുള്ള പ്രതിരോധ, സുരക്ഷാ പങ്കാളിത്തം ശക്തിപ്പെടുത്താൻ കൂടിക്കാഴ്ചയിൽ ധാരണയായി. ഇന്ത്യയ്ക്കും-ന്യൂസിലൻഡിനുമിടയിൽ സ്വതന്ത്ര വ്യാപാര കരാർ സംബന്ധിച്ച ചർച്ചകൾ ആരംഭിക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു. ഭീകരതയ്ക്കും, വിഘടനവാദത്തിനുമെതിരെ ഇരു രാജ്യങ്ങളും സഹകരിച്ചു പ്രവർത്തിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

(ഹോൾഡ് വോയിസ്)

സ്വതന്ത്ര വ്യാപാര കരാറിൽ ഇരുരാജ്യങ്ങൾക്കും ഒരുപോലെ താത്പര്യമുണ്ടെന്ന് ന്യൂസിലൻഡ് പ്രധാനമന്ത്രി ക്രിസ്റ്റഫർ ലക്സൺ പ്രസ്താവനയിൽ പറഞ്ഞു. ഇന്ത്യയിലെ നയതന്ത്ര സാന്നിധ്യം വർദ്ധിപ്പിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. പ്രതിരോധം, വിദ്യാഭ്യാസം, കായികം തുടങ്ങി വിവിധ മേഖലകളിലെ അഞ്ച് കരാറുകളും ഇരു രാജ്യങ്ങളും കൈമാറി.

RNU TVM

***************************

## റൈസീന സംഭാഷണം - പ്രധാനമന്ത്രി

പത്താമത് റൈസീന സംഭാഷണത്തിന്റെ ഉദ്ഘാടനം പ്രധാനമന്ത്രി നരേന്ദ്രമോദി അൽപസമയത്തിനകം നിർവഹിക്കും. ന്യൂഡൽഹിയിൽ നടക്കുന്ന ചടങ്ങിൽ ന്യൂസിലൻഡ് പ്രധാനമന്ത്രി ക്രിസ്റ്റഫർ ലക്സൺ മുഖ്യാതിഥിയായി പങ്കെടുക്കുന്നു. 125 രാജ്യങ്ങളിൽ നിന്നുള്ള 3,500 ലേറെ പ്രതിനിധികളും സമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ട്.

**************************

## അശ്വിനി വൈഷ്ണവ്

റെയിൽവേ അടിസ്ഥാന സൗകര്യ വികസനങ്ങൾക്കും, യാത്രക്കാർക്ക് സുഖകരമായ യാത്രാനുഭവം ഉറപ്പുവരുത്തുന്നതിനും കേന്ദ്രസർക്കാർ നിരവധി നടപടികൾ സ്വീകരിച്ചതായി കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്. റെയിൽവേയുമായി ബന്ധപ്പെട്ട ചർച്ചയ്ക്ക് രാജ്യസഭയിൽ മറുപടി നൽകുകയായിരുന്നു അദ്ദേഹം. കഴിഞ്ഞ 10 വർഷത്തിനിടെ 5 ലക്ഷം തൊഴിലവസരങ്ങൾ റെയിൽവേയിൽ സൃഷ്ടിച്ചതായും അദ്ദേഹം പറഞ്ഞു. അയൽരാജ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കുറഞ്ഞ ടിക്കറ്റ് നിരക്കിലാണ് ഇന്ത്യൻ റെയിൽവേ പ്രവർത്തിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. റെയിൽവേ ധനാഭ്യർത്ഥനയുമായി ബന്ധപ്പെട്ട ചർച്ചകൾ ലോക്സഭയിലും ഇന്ന് നടന്നു. സമീപകാലത്തുണ്ടായ ട്രെയിൻ അപകടങ്ങൾ ചൂണ്ടിക്കാട്ടി കോൺഗ്രസ് രൂക്ഷമായ വിമർശനം ചർച്ചയിൽ ഉന്നയിച്ചു.

RNUTVPM

**************************

## പ്രതിപക്ഷ വാക്ക് ഔട്ട്

മില്ലുടമകളും കർഷകരും തമ്മിൽ ഉണ്ടായ തർക്കത്തെ തുടർന്ന് കുട്ടനാട്ടിലെ പാടശേഖങ്ങളിൽ നെല്ല് കെട്ടികിടക്കുന്ന സാഹചര്യം നിയമസഭയിൽ ഉന്നയിച്ച് പ്രതിപക്ഷം. വിഷയത്തിൽ അനൂപ് ജേക്കബ് നൽകിയ ഉപക്ഷേപത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം നിയമസഭയിൽ നിന്ന് വാക്ക് ഔട്ട് ചെയ്തു. നെല്ലിന് അമിതമായ കിഴിവ് ആവശ്യപ്പെട്ട് മില്ലുടമകൾ സംഭരണത്തിൽ നിന്ന് പിന്മാറുന്നത് തടയുന്നതിൽ സർക്കാർ പരാജയപ്പെട്ടതായി പ്രതിപക്ഷം ആരോപിച്ചു.

നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് മില്ലുടമകളും കർഷകരും തമ്മിൽ ഉണ്ടായ തർക്കം സംഭരണത്തെ ബാധിച്ചതായി പറഞ്ഞ മന്ത്രി ജി ആർ അനിൽ, വിഷയത്തിൽ മന്ത്രി തലത്തിലും ഉദ്യോഗസ്ഥ തലത്തിലും സർക്കാർ ഇടപെടൽ നടത്തിയതായും വ്യക്തമാക്കി. നെല്ല് സംഭരണ വിഷയം ചർച്ച ചെയ്ത് പരിഹരിച്ചതാണെന്ന് മന്ത്രി വ്യക്തമാക്കിയതോടെ സ്പീക്കർ ഉപക്ഷേപത്തിന് അനുമതി നിഷേധിക്കുകയായിരുന്നു.

***************************

## ബിന്ദു ശ്രദ്ധ ക്ഷണിക്കൽ

സംസ്ഥാനത്ത് നിലവിലുള്ള റാഗിങ്ങ് നിരോധന നിയമത്തിൽ കൂടുതൽ കർശനമായ വ്യവസ്ഥകൾ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമെന്ന് ഉന്നതവിദ്യാഭ്യാസ മന്ത്രി ആർ.ബിന്ദു. സംസ്ഥാനത്തെ കോളേജ് കാമ്പസുകളിലുണ്ടായ റാഗിങ് സംബന്ധിച്ച എൻ ഷംസുദ്ദീൻ എംഎൽഎയുടെ ശ്രദ്ധക്ഷണിക്കലിന് നിയമസഭയിൽ മറുപടി പറയുകയായിരുന്നു മന്ത്രി.

RNUTVPM

***************************

## ആശാ വർക്കർ ഓണറേറിയം

ആശാ പ്രവർത്തകർക്ക് ഓണറേറിയം അനുവദിക്കുന്നതിന് നിശ്ചയിച്ച പത്ത് മാനദണ്ഡങ്ങളും പിൻവലിച്ച് സംസ്ഥാന സർക്കാർ. പ്രതിമാസ ഇൻസെൻറീവ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളിലും സർക്കാർ ഭേദഗതി വരുത്തി. സമരത്തിന്റെ വിജയമാണ് തീരുമാനമെന്ന് ആശാപ്രവർത്തകർ പ്രതികരിച്ചു. 36 ദിവസമായി തുടരുന്ന സമരത്തിന്റെ ഭാഗമായി ആശാപ്രവർത്തകർ ഇന്ന് സെക്രട്ടേറിയേറ്റ് ഉപരോധിച്ചിരുന്നു. കനത്ത ചൂടിൽ, 8 ആശമാർ

ഉപരോധത്തിനിടെ കുഴഞ്ഞു വീണു. ഈ മാസം 20 മുതൽ അനിശ്ചിതകാല നിരാഹാര സമരം ആരംഭിക്കുമെന്ന് സമരസമിതി അറിയിച്ചു.

***************************

## കേരള അവാർഡ്-ഗവർണർ

സംസ്ഥാനത്തിന്റെ പരമോന്നത പുരസ്കാരങ്ങളായ കേരള പുരസ്കാരങ്ങൾ ഗവർണർ രാജേന്ദ്ര അർലേക്കർ വിതരണം ചെയ്തു. രാജ്ഭവനിൽ നടന്ന പരിപാടിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ അധ്യക്ഷത വഹിച്ചു. കേരള ജ്യോതി പുരസ്കാരം, പ്രശസ്ത സാഹിത്യ വിമർശകൻ എം കെ സാനുവിന് വേണ്ടി ചെറുമകൻ ഏറ്റുവാങ്ങി. ഐ.എസ്.ആർ.ഒ മുൻ മേധാവി എസ് സോമനാഥ്, ഭുവനേശ്വരി എന്നിവർ കേരള പ്രഭ പുരസ്കാരവും കലാമണ്ഡലം വിമലാ മേനോൻ, ടി കെ ജയകുമാർ, നാരായണ ഭട്ടതിരി, ഷൈജ ബേബി, വി കെ മാത്യൂസ് എന്നിവർ കേരള ശ്രീ പുരസ്കാരവും സ്വീകരിച്ചു. സഞ്ജു സാംസണ് വേണ്ടി അദ്ദേഹത്തിന്റെ ഭാര്യ ആണ് കേരള ശ്രീ അവാർഡ് ഏറ്റുവാങ്ങിയത്.

RNUTVPM

***************************

## കേരള സംഗീത നാടക അക്കാദമി പുരസ്കാരം

കേരള സംഗീത നാടക അക്കാദമിയുടെ 2024 ലെ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു.വീണ വിദ്വാൻ എ.അനന്തപത്മനാഭൻ, നാടകകൃത്തും സംവിധായകനുമായ സേവ്യർ പുൽപ്പാട്ട്, നർത്തകിയും നൃത്തഅധ്യാപികയുമായ കലാമണ്ഡലം സരസ്വതി എന്നിവർക്കാണ് ഫെലോഷിപ്പ്. 2024 ലെ അക്കാദമി അവാർഡിന് 18 പ്രതിഭകളെയും ഗുരുപൂജാ പുരസ്കാരത്തിന് 22 പ്രതിഭകളെയും തെരഞ്ഞെടുത്തു.

***************************

## മങ്കൊമ്പ് ഗോപാലകൃഷ്ണൻ

പ്രശസ്ത ഗാനരചയിതാവ് മങ്കൊമ്പ് ഗോപാലകൃഷ്ണൻ അന്തരിച്ചു. 78 വയസ്സായിരുന്നു. ഹൃദയാഘാതത്തെ തുടർന്ന് കൊച്ചിയിലെ ആശുപത്രിയിൽ ഇന്ന് വൈകുന്നേരത്തോടെയാണ് അന്ത്യം. 200 ചിത്രങ്ങളിലായി 700-ലെറെ ഗാനങ്ങൾ രചിച്ചിട്ടുണ്ട്. ലക്ഷാർച്ചന കണ്ടു മടങ്ങുമ്പോൾ, ത്രയംബകം വില്ലൊടിഞ്ഞു, നാടൻ പാട്ടിന്റെ മടിശ്ശീല കിലുങ്ങും തുടങ്ങി നിരവധി ജനപ്രിയ ഗാനങ്ങൾ അദ്ദേഹമാണ് രചിച്ചത്. പത്തിലേറെ ചിത്രങ്ങൾക്ക് തിരക്കഥയുമെഴുതി. മങ്കൊമ്പ് ഗോപാലകൃഷ്ണന്റെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉൾപ്പെടെയുള്ള നേതാക്കൾ അനുശോചനം രേഖപ്പെടുത്തി.

***************************

## മുനമ്പം-ഹൈക്കോടതി

മുനമ്പം വഖഫ് ഭൂമി തർക്കവുമായി ബന്ധപ്പെട്ട് ജുഡീഷ്യൽ കമ്മീഷനെ നിയോഗിച്ച സംസ്ഥാന സർക്കാർ നടപടി ഹൈക്കോടതി റദ്ദാക്കി. ഇക്കാര്യത്തിൽ തീരുമാനമെടുക്കാനുള്ള അവകാശം വഖഫ് ബോർഡിനും വഖഫ് ട്രിബ്യൂണലിനും ആണെന്നും ഹൈക്കോടതി വിധിച്ചു. വഖഫ് സംരക്ഷണവേദി നൽകിയ ഹർജിയിലാണ് ഹൈക്കോടതി സിംഗിൾ ബെഞ്ചിൻറെ ഉത്തരവ്. ജുഡീഷ്യൽ കമ്മീഷൻ നിയമനം നിയമപരം അല്ലെന്നും, നിയമനത്തിൽ പൊതു താൽപര്യമില്ലെന്നും സിംഗിൾ ബെഞ്ച് നിരീക്ഷിച്ചു.

RNU TVPM

***************************

## ബിജെപി നേതൃയോഗം

ബിജെപി സംസ്ഥാന നേതൃ യോഗത്തിന് തിരുവനന്തപുരത്ത് സമാപനമായി. തദ്ദേശസ്വയം ഭരണ തിരഞ്ഞെടുപ്പ്, മുൻ തിരഞ്ഞെടുപ്പുകളിലെ ബി ജെ പി യുടെ മുന്നേറ്റം, ഭാവി സമര പരിപാടികൾ തുടങ്ങി വിവിധ വിഷയങ്ങൾ യോഗത്തിൽ ചർച്ച ചെയ്തു. ബി ജെ പി കേരള പ്രഭാരി പ്രകാശ് ജാവദേക്കർ, സംസ്ഥാന അധ്യക്ഷൻ കെ സുരേന്ദ്രൻ, മുൻ കേന്ദ്രമന്ത്രി വി മുരളീധരൻ തുടങ്ങിയ ബി ജെ പി നേതാക്കളും പുതുതായി തിരഞ്ഞെടുക്കപ്പെട്ട ജില്ലാ അധ്യക്ഷൻമാരും യോഗത്തിൽ പങ്കെടുത്തു.

***************************

RNU TVPM

## വണ്ടിപെരിയാർ - കടുവ (ഇൻട്രോ)

വണ്ടിപ്പെരിയാർ അരണക്കല്ലിലെ എസ്റ്റേറ്റിൽ നിന്ന് മയക്കുവെടിവച്ച് പിടികൂടിയ കടുവ ചത്തു. രണ്ട് തവണ മയക്കുവെടി വച്ചിട്ടും മയങ്ങാതിരുന്ന കടുവ ദൗത്യസംഘത്തിന് നേരെ പാഞ്ഞടുത്തതോടെ കടുവയ്ക്ക് നേരെ നിറയൊഴിക്കുകയായിരുന്നു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ....**

(വോയിസ്)

***************************

## ആശുപത്രിയിൽ അപകടം

തിരുവനന്തപുരം എസ് എ ടി ആശുപത്രിയിൽ ഓക്സിജൻ ട്യൂബിലെ ഫ്ലോ മീറ്റർ പൊട്ടിത്തെറിച്ച് ആശുപത്രി

ജീവനക്കാരിയുടെ കണ്ണിന് പരിക്കേറ്റു. നഴ്സിംഗ് അസിസ്റ്റന്റ് ഷൈലയ്ക്കാണ് പരിക്കേറ്റത്. ഗുരുതരമായി പരിക്കേറ്റ ജീവനക്കാരിയെ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ അടിയന്തര ശസ്ത്രക്രിയയ്ക്ക് വിധേയമാക്കി.

***************************

## വേനൽ മഴ

സംസ്ഥാനത്ത് വേനൽ മഴ വരും ദിവസങ്ങളിലും തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇടിമിന്നലിനും, ശക്തമായ കാറ്റിനും സാധ്യതയുള്ളതിനാൽ ജനങ്ങൾ കാർമേഘം കണ്ടു തുടങ്ങുമ്പോൾ മുതൽ പ്രത്യേക ജാഗ്രത പാലിക്കണം.

***************************

## ഓഹരി

RNU TVPM

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 341 പോയിന്റ് ഉയർന്ന് 74,170 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 112 പോയിന്റ് നേട്ടത്തിൽ 22,509 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണവില കുറഞ്ഞു. പവന് 80 രൂപ കുറഞ്ഞ് 65,680 രൂപയും, ഗ്രാമിന് 8,210 രൂപയുമാണ് ഇന്നത്തെ വില.

***************************

## ബാങ്ക് പണിമുടക്ക്

ദേശീയ ബാങ്ക് പണിമുടക്ക് ഈ മാസം 24, 25 തീയ്യതികളിൽ നടക്കും. ഒൻപത് ബാങ്ക് യൂണിയനുകളുടെ സംയുക്തസമിതിയായ യുണൈറ്റഡ് ഫോറം ഓഫ് ബാങ്ക് യൂണിയൻസാണ് 48 മണിക്കൂർ പണിമുടക്കിന് ആഹ്വാനം ചെയ്തിട്ടുള്ളത്. നിയമനങ്ങൾ നടത്തുക, താൽക്കാലിക

ജീവനക്കാരെ സ്ഥിരപ്പെടുത്തുക, പുറം കരാർ ജോലി സമ്പ്രദായം അവസാനിപ്പിക്കുക, പ്രവർത്തിദിനങ്ങൾ ആഴ്ച്ചയിൽ അഞ്ച് ആക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണ് പണിമുടക്ക്.

*

***********

****************************************

RNU TVPM